MONDAY 15-05-2023 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/05/2023.

1. കേരള സംസ്ഥാന കശുമാവ് വികസന ഏജൻസിയുടെ പദ്ധതികൾ പ്രകാരം കശുമാവ് കൃഷിയ്ക്ക് ഇനി പറയും പ്രാകാരം ധനസഹായം നൽകുന്നു.

**കശുമാവ് - പുതുകൃഷി** -ഈ പദ്ധതി പ്രകാരം കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകുന്നു. 200 തൈകൾ 7 മീ x7 മീ അകലത്തിൽ ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാം. തൈ വില ഉൾപ്പെടെ 60;20;20 എന്ന ക്രമത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി നൽകുന്നു. രണ്ടാം വർഷം 75% ഉം 3-ാം വർഷം രണ്ടാം വർഷത്തിന്റെ 90% ഉം തൈകൾ നിലനിർത്തിയെങ്കിൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളു. തൈകൾ നശിച്ചു പോയാൽ കർഷകൻ സ്വന്തം ചിലവിൽ തൈകൾ വാങ്ങി നട്ട് പരിപാലിച്ചാൽ മാത്രമേ ആനുകൂല്യ ത്തിന് അർഹതയുള്ളു. ഒരേക്കറെങ്കിലും കൃഷി ചെയ്യുന്നവർക്ക് ആനുകൂല്യം ലഭിക്കും.

**അതിസാന്ദ്രത കൃഷി** -ഒരു നിശ്ചിത സ്ഥലത്ത് സാധാരണ നടുന്ന അകലത്തിൽ നിന്നും വിഭിന്നമായി നടീൽഅകലം കുറച്ച് തൈകളുടെ എണ്ണം കൂട്ടി തുടക്കത്തിലെ ആദായം കൂടുതൽ കിട്ടുവാൻ വേണ്ടിയുള്ള കൃഷി രീതിയാണ്. അതു പ്രകാരം 5മീറ്റർ x 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുവാനുള്ള ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകുന്നു. തൈയുടെ വില ഉൾപ്പെടെ 60;20;20 എന്ന ക്രമത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി നൽകുന്നു. രണ്ടാം വർഷം 75% ഉം 3-ാം വർഷം രണ്ടാം വർഷത്തിന്റെ 90% ഉം തൈകൾ നിലനിർത്തിയെങ്കിൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളു. തൈകൾ നശിച്ചു പോയാൽ കർഷകൻ സ്വന്തം ചിലവിൽ തൈകൾ വാങ്ങി നട്ട് പരിപാലിച്ചാൽ മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഒരേക്കറെങ്കിലും കൃഷി ചെയ്യുന്നവർക്ക് മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളു.

**അതീവസാന്ദ്രത കൃഷി** - മേൽത്തരം കശുമാവ് ഗ്രാഫ്റ്റുകൾ ഉപയോഗിച്ച് ഒരു ഹെക്ടർ സ്ഥലത്തു നിന്ന് ഒരു മെട്രിക് ടൺ കശുവണ്ടി സ്ഥിരമായി ഉൽപ്പാദിപ്പിക്കാൻ സഹായമാകും വിധത്തിലുള്ള നൂതന കൃഷി സമ്പ്രദായമാണ് അതീവ സാന്ദ്രത കൃഷി. ഒരു ഹെക്ടറിന് 1100 തൈകൾ കർഷകന് നൽകികൊണ്ട് പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. അതിനായി തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് തുള്ളിനന- ഫെർട്ടിഗേഷൻ എന്നീ സൗകര്യങ്ങൾ ഒരിക്കുന്നതിലേക്ക് തൈയുടെ വില ഉൾപ്പെടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

1,00,000/- രൂപ ഒരു ഹെക്ടറിന് ഗുണഭോതാക്കൾക്ക് ആനുകൂല്യമായി നൽകുന്നു. മറ്റ് അനുബന്ധ ചിലവുകൾ കർഷകർ വഹിക്കേണ്ടതാണ്.

**മുറ്റത്തൊരു കശുമാവ് –** കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കോളേജ് കുട്ടികൾ, അഗ്രികൾച്ചർ ക്ലബ്ബുകൾ എന്നിവർക്ക് വേണ്ടി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പദ്ധതിയാണ്. പൊക്കം കുറഞ്ഞ, അധികം പടരാത്ത വീട്ട് മുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ, പരിശീലന പരിപാടികൾ എന്നിവ ജില്ലകൾ തോറും നടപ്പിലാക്കി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് 0474 2760456, 9496045000, 9446307456 എന്ന ഫോൺ നമ്പരിലോ kasumavukrishi@gmail.com എന്ന ഈ മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

2. ആലപ്പുഴ ജില്ലയിൽ ചേർത്തലയിൽ ഈ മാസം 19 മുതൽ 28 വരെ നടത്തുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" പരിപാടിയോടനുബന്ധിച്ച് B2B (ബിസിനസ്സ് ടു ബിസിനസ്സ്) മീറ്റ് സംഘടിപ്പിക്കുന്നു. മെയ് 20 ന് ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ആഡിറ്റോറിയത്തിൽ വെച്ച് നടത്തുന്ന ഉത്പാദക - സംരംഭക മീറ്റിൽ കർഷകർ, കർഷക സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കാർഷിക മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റുകൾ, കൃഷി കൃഷി അനുബന്ധ സൂക്ഷ്മ സംരംഭകർ, കൃഷി കൂട്ടങ്ങൾ തുടങ്ങിയവർക്ക് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്ത് ഈ മീറ്റിൽ പങ്കെടുക്കാവുന്നതാണ്. വാണിജ്യാടിസ്ഥാനത്തിൽ കാർഷിക ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന കർഷക, കർഷക സംഘങ്ങളെ അവ സംഭരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പരിചയപ്പെടുത്തി സ്ഥായിയായ ഒരു ഉത്പാദന - സംഭരണ പ്രക്രിയയ്ക്ക് വഴി തെളിക്കുകയാണ് പ്രധാന ലക്ഷ്യം. കൂടുതൽ വിവരങ്ങൾക്കും ഗൂഗിൾ ഫോം ലിങ്കിനുമായി ആലപ്പുഴ ജില്ലയിലെ കൃഷിഭവനുകളുമായി ബന്ധപ്പെടേണ്ടതാണ്.ഹോർട്ടികോർപ്പിന്റെ മാവേലിക്കര തേനീച്ച വളർത്തൽ കേന്ദ്രത്തിൽ അത്യുൽപാദന ശേഷിയുള്ള കുള്ളൻ തെങ്ങിനങ്ങളായ മലയൻ പച്ച, മലയൻ ഓറഞ്ച്, മലയൻ മഞ്ഞ എന്നിവയുടെ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0479-2356695 എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

4. ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിൽ റെഡ് നേപ്പിയർ, സൂപ്പർ നേപ്പിയർ പുൽവിത്തിനങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9745545344 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

5. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന/ മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റന്റർ എന്നിവർ ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഇത് സംസ്ഥാനത്ത് 129 ബ്ലോക്കുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു. ഈ സേവനം ലഭിക്കുന്നതിന് **1962** എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെന്റർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ –**

ഇഞ്ചി, മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്തു ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്തും മഞ്ഞൾ വിത്തും 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ അല്ലെങ്കിൽ സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി ഒരു കിലോ ട്രൈക്കോഡർമയുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ച തണലത്ത് വെച്ച ശേഷം തടത്തിൽ ഇട്ട് കൊടുക്കുക.